ഉത്തരം

തൃശ്ശൂർ ജില്ലയിൽ മുഴുവൻ ടി.വി. കാണാനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

കേരളാ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ഹോട്ടലുകൾ

495 [893] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ എത്ര ഹോട്ടലുകൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) അവ ഏവ;

(സി) തിരുവനന്തപുരത്തുള്ള മസ്കറ്റ് ഹോട്ടൽ ലാഭത്തിലാണോ നഷ്ടത്തിലാണോ നടത്തി വരുന്നത്;

(ഡി) 1982–83, 1983–84, 1984–85 സാമ്പത്തിക വർഷത്തിലെ ഈ ഹോട്ടലിന്റെ ലാഭനഷ്ടക്കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തു ഹോട്ടലുകൾ.

(ബി) ഹോട്ടലുകളുടെ പേരും സ്ഥലവും താഴെ പറയുന്നു.

മസ്കറ്റ് ഹോട്ടൽ	തിരുവനന്തപുരം
ഹോട്ടൽ സമുദ്രാ	കോവളം
ആരണ്യനിവാസ്	തേക്കടി
ലെയ്ക് പാലസ്	തേക്കടി
പെരിയാർ ഹൗസ്	തേക്കടി
ബോൾഗാട്ടി പാലസ് ഹോട്ടൽ	കൊച്ചി
ടൂറിസ്റ്റ് കോംപ്ലക്സ്	കുമരകം
ഗാർഡൻ ഹൗസ്	മലമ്പുഴ
ടൂറിസ്റ്റ് ബംഗ്ലാവ്	ഗുരുവായൂർ
മംഗല്യ	ഗുരുവായൂർ

(സി) നഷ്ടത്തിലാണ് നടക്കുന്നത്.

(ഡി) 1982–83–ൽ 8.23 ലക്ഷം രൂപയും 1983–84–ൽ 7.19 ലക്ഷം രൂപയും നഷ്ടമുണ്ടായി. 1984–85–ലെ കണക്കുകൾ പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly